## അർച്ചന
(ആൽബം)

പ്രഭാതകിരണം വൈഡൂര്യമണിയിച്ചു,
മഞ്ഞുവിതറിയ മന്ദാരപ്പൂക്കളിൽ;
സ്വപ്നത്തിൽ പൂക്കൂടനിറക്കുവാനെത്തിയൊ-
കനവായ്, നീയെന്റെ കരളിലിപ്പോൾ.

ഇളനിരഞ്ജനം എഴുതിയ മിഴികളിൽ,
തളിരിട്ടു നവനീത മാധവം;
ചുണ്ടത്തു വിരിയുന്ന ചെന്താമരപ്പൂവിൽ,
കണ്ടുവൊ വാചാലമാമൊരു മൗനം.

മാസ്മര ഭാവങ്ങൾ തെളിഞ്ഞു വദനത്തിൽ,
മൈത്രേയമായൊരാ ചലനത്തിലും,
അമൃതവർഷമായ് ചൊരിഞ്ഞുവോ നാദം,
സോപാന സംഗീതം പോലെന്റെഹൃത്തിൽ.

കലാലയ മുറ്റത്തെ വാകമരച്ചോട്ടിൽ,
സുന്ദരശിൽപമായ് നിന്നെ ഞാൻ കണ്ടു;
പൂജയ്ക്കെടുക്കാത്തൊരു പുഷ്പത്തെപ്പോലെ,
ദൂരത്തുനിന്നും കൊണ്ടർച്ചനചെയ്തുപോയി
വൃഥാ സ്നേഹിച്ചുപോയ് നിന്നെ.